**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.818 30.11.2018 -ലെ മറുപടിക്ക്**

**അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.വി. അൻവർ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട ഇല്ലിക്കോട്ട് പോയിൽ എസ്.സി. കോളനിയിൽ ഭരണാനുമതി ലഭിച്ച് ഒരു വർഷം കഴിഞ്ഞിട്ടും കരാർ എടുത്ത ഏജൻസി (എഫ്.ഐ.ടി.) പ്രവർത്തി തുടങ്ങാത്തതിന്റെ കാരണം വിശദമാക്കാമോ; പ്രവൃത്തി എന്ന് തുടങ്ങും എന്ന് അറിയിക്കാമോ; | (എ) | ഇല്ലിക്കോട്ട് പോയിൽ പട്ടികജാതി കോളനിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കുവാൻ ഏജൻസിയുടെ ഭാഗത്തുനിന്ന് കാലതാമസം നേരിട്ടു. എസ്റ്റിമേറ്റിന് 22.10.2018 ൽ അംഗീകാരം നൽകി. പ്രവൃത്തികൾ സത്വരം പൂർത്തീകരിയ്ക്കുവാനുള്ള നിർദ്ദേശം മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖേന 13.11.2018-ന് ഏജൻസിയായ FIT യ്ക്ക് നൽകിയിട്ടുണ്ട്. ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തികൾ ഉടൻ ആരംഭിക്കും എന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്. |
| (ബി) | ഹാംലെറ്റ് പദ്ധതിയിൽ ഉൾപ്പെട്ട നിലമ്പൂർ മണ്ഡലത്തിലെ ഉച്ചക്കുളം-തീക്കടി കോളനികളിൽ പ്രവൃത്തി എന്ന് തുടങ്ങും എന്ന് അറിയിക്കാമോ; | (ബി) | ഉച്ചക്കുളം - തീക്കടി കോളനികളിലെ പ്രവൃത്തി മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിക്കുകയുണ്ടായി. ഡി.പി.ആർ 12.12.2018 ന് നടക്കുന്ന ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പട്ടികവർഗ്ഗ വിദ്യാലയമായ നിലമ്പൂർ ഐ.ജി.എം.ആർ. സ്കൂളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ ? | (സി) | അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം- 1

| | | |
|---|---|---|
| സി | 1 | ഡ്രൈനേജ് പിറ്റ് നിർമ്മാണം |
| | 2 | വിസിറ്റേഴ്സ് റൂം നിർമ്മിക്കുന്നത് |
| | 3 | വേസ്റ്റ്പിറ്റ് നിർമ്മാണം |
| | 4 | സ്റ്റേജ് നിർമ്മാണം |
| | 5 | മെസ്സ്ഹാളിലേക്ക് ആക്സസ്സ് റോഡ് നിർമ്മാണം |
| | 6 | മെസ്സ്ഹാൾ വിപുലീകരണം |
| | 7 | മെസ്സ്ഹാളിന് മുകളിൽ ആഡിറ്റോറിയം നിർമ്മാണം |
| | 8 | കിണറിന് മുകളിൽ കമ്പിവല 2. ഗേറ്റ് സ്ഥാപിക്കൽ,, ടോയ്‌ലറ്റിന് മുൻപിൽ ഗ്രിൽ, വിറകടുപ്പിന് ഗ്രിൽ എന്നിവ സ്ഥാപിക്കൽ. |
| | 9 | വർക്ക്ഏരിയ നീട്ടൽ |
| | 10 | ടോയ്‌ലറ്റ് ഡോർ മാറ്റൽ, ജനൽചില്ലുകൾ മാറ്റൽ |
| | 11 | ഡോർമെട്രിയിൽ ഷട്ടർ സ്ഥാപിക്കൽ |
| | 12 | സിന്തറ്റിക്ക് പ്ലേഗ്രൗണ്ട് |
| | 13 | സോളാർ വൈദ്യുതി പ്ലാന്റ് |